


teJ\w

kamarsubair@gmail.com
എസ്. കമറുദ്ദീൻ

**വിശുദ്ധ ഖുർആനിലെ വചനങ്ങളും പ്രവാചക ജീവിതവും, ഒരു കൗൺസിലർ/പരിശീലകൻ എന്ന നിലയിൽ സമീപിക്കുന്നവർക്ക് ഏറെ പാഠങ്ങൾ സമ്മാനിക്കുന്നുണ്ട്. വിശുദ്ധ ഖുർആനെയും മുഹമ്മദ് നബിയുടെ ജീവിതത്തെയും ഇസ്‌ലാമിക ചരിത്ര സന്ദർഭങ്ങളെയും ഉൾപ്പെടുത്തി വിവിധ ഭാഷകളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് തുടങ്ങിയിട്ടുണ്ട്.**

# വ്യക്തിത്വ രൂപവത്കരണത്തെക്കുറിച്ച് ഒരു വിചാരം



ഒരു തീവണ്ടി യാത്രയിലാണ് ആ ദമ്പതികളെ കണ്ടുമുട്ടിയത്- ഒരു ശിൽപശാലയിൽ പങ്കെടുത്ത് മടങ്ങുകയാണ് അവർ. ജീവിതത്തിലെന്തോ അപൂർവ നേട്ടം കൈവരിച്ചവരെ പോലെ പ്രസന്നരായത് കൊണ്ടാണ് ഒരു സംസാരത്തിന് മുതിർന്നത്. "ദീർഘകാലത്തെ വിദേശവാസത്തിന് ശേഷം മടങ്ങിവന്ന്, വീട്ടുകാര്യങ്ങളിൽ ഇടപെടാൻ ഒരുങ്ങുമ്പോഴാണ് കുടുംബത്തിൽ സംഘർഷങ്ങളാരംഭിക്കുന്നത്. ഒന്നും ശരിയാകുന്നില്ല. തന്റെ കാഴ്ചപ്പാടുകളും രീതികളും കുട്ടികളുടേതുമായി ഒത്തുപോകുന്നില്ല. അവർ തന്നെ വകവെക്കുന്നില്ല. സഹധർമിണി തന്നെ പിന്തുണക്കുന്നില്ല. അവളാകട്ടെ തന്റെ അധികാരവും സ്വാതന്ത്ര്യവും കവർന്നെടുക്കാൻ വന്ന ഒരന്യനെപ്പോലെ തന്നോടു പെരുമാറുന്നു. ഈ അസ്വസ്ഥതയുടെ മുൾമുനയിൽ നിൽക്കുമ്പോൾ, ഒരു സുഹൃത്തിന്റെ നിർദേശമനുസരിച്ചാണ് ശിൽപശാലക്കെത്തിയത്. വലിയ പ്രതീക്ഷയൊന്നുമുണ്ടായിരുന്നില്ല. പക്ഷേ, ഖുർആനും ഹദീസും അടിസ്ഥാനമാക്കി, മനഃശാസ്ത്ര വിഷയങ്ങളിലൂടെ കാര്യങ്ങൾ ബോധ്യപ്പെടുത്തിയപ്പോൾ ഏറെ ആശ്വാസമായി. ശിൽപശാല കഴിഞ്ഞ് കുട്ടികളോട് ഏറെ നേരം സംസാരിച്ചു. ഞങ്ങളൊരുമിച്ച് വീട്ടിൽ ഒത്തുചേരാമെന്നുറപ്പിച്ച് മടങ്ങുകയാണ്."

അവരുടെ ആത്മവിശ്വാസം എന്നെ ഏറെ അത്ഭുതപ്പെടുത്തി. ഖുർആനും ഹദീസും അടിസ്ഥാനമാക്കി പരിശീലകൻ കാര്യങ്ങൾ വിശദീകരിച്ചതാണ്, ഈ ദമ്പതികളെ ആകർഷിച്ചതെന്ന് തോന്നുന്നു. പക്ഷേ, പലപ്പോഴും പരിശീലകർക്ക് അതിനാവശ്യമായ അറിവും മാർഗനിർദേശങ്ങളും ലഭ്യമാകാറുണ്ടോ?

ഇന്ന് ജീവിത മൂല്യങ്ങളുടെ ശിക്ഷണം വ്യക്തിത്വ പരിശീലന രംഗത്ത് വളരെയേറെ പ്രാധാന്യത്തോടെ ഉൾക്കൊള്ളിക്കാറുണ്ട്. ഇത്തരം മൂല്യങ്ങളന്വേഷിച്ച് വേദങ്ങളും പുരാണങ്ങളും ബൈബിളും പരതിക്കൊണ്ടിരിക്കുകയാണ് പരിശീലകർ. സെൻ ബുദ്ധിസവും കൺഫ്യൂഷ്യസിന്റെ പാഠങ്ങളും താവോയിസവുമൊക്കെ അന്വേഷണ വിധേയമാകുന്നു. ഉദാഹരണത്തിന്, ഗൂഗിൾ കമ്പനിയിലെ പരിശീലകൻ ചാഡ് മെൻഗ് താൻ 'Search Inside Your self' എന്ന പുസ്തകത്തിൽ (യഥാർഥത്തിലിത് ഗൂഗിളിന്റെ പരിശീലന പദ്ധതിയാണ്) ജീവിത മൂല്യങ്ങൾ അന്വേഷിക്കുന്നത് ബുദ്ധിസത്തിലാണ്. ഭഗവത്ഗീതയും വേദങ്ങളും പുരാണങ്ങളും പരതി, ജീവിത പാഠങ്ങളും ഗുണപാഠകഥകളും പ്രചോദന-പ്രയോജക സന്ദർഭങ്ങളും പരിശീലനങ്ങളിലും പരിശീലക കുറിപ്പുകളിലും ഉൾപ്പെടുത്താൻ പരിശീലകർ ദത്ത ശ്രദ്ധരാണ്. അത് പരിശീലന പരിപാടികൾക്ക് ആത്മീയ പരിരക്ഷ നൽകുന്നുവെന്നതിലുപരി പ്രയോജന മൂല്യവും ഏറെ വർധിപ്പിച്ചിട്ടുണ്ട്. ഇത്തരം പരിശീലനങ്ങൾക്ക്/ പരിശീലകർക്ക്, പലപ്പോഴും വിശുദ്ധ ഖുർആന്റെയും പ്രവാചക ജീവിതത്തിലെയും പാഠങ്ങളും കഥാ സന്ദർഭങ്ങളും ലഭ്യമാകാറില്ല. പരിശീലന സഹായക ഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ, വ്യക്തിത്വ രൂപീകരണത്തിന്റെ നിരവധി

ഘടകങ്ങളും പ്രേരകങ്ങളും, സംസ്കരണത്തിന്റെയും മാറ്റങ്ങളുടെയും രീതിയും രീതിശാസ്ത്രവുമൊക്കെ വിശകലനം ചെയ്യപ്പെടുമ്പോഴും ഖുർആനും പ്രവാചക ജീവിതവും പരമാർശിക്കപ്പെടാറില്ല.

വിശുദ്ധ ഖുർആനിലെ വചനങ്ങളും പ്രവാചക ജീവിതവും, ഒരു കൗൺസിലർ/പരിശീലകൻ എന്ന നിലയിൽ സമീപിക്കുന്നവർക്ക് ഏറെ പാഠങ്ങൾ സമ്മാനിക്കുന്നുണ്ട്. വിശുദ്ധ ഖുർആനെയും മുഹമ്മദ് നബിയുടെ ജീവിതത്തെയും ഇസ്‌ലാമിക ചരിത്ര സന്ദർഭങ്ങളെയും ഉൾപ്പെടുത്തി വിവിധ ഭാഷകളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് തുടങ്ങിയിട്ടുണ്ട്. അത്തരത്തിലുള്ള കുറിപ്പുകളും ലേഖനങ്ങളും നിരീക്ഷണങ്ങളും ഇസ്‌ലാമിക ആനുകാലികങ്ങളുടെ ഉള്ളടക്കത്തെ മനോഹരമാക്കിത്തുടങ്ങിയിട്ടുണ്ട്. *റേഡിയൻസ്* വ്യൂസ് വീക്ലിയിൽ (Vol.L11 No. 6) പ്രസിദ്ധീകരിച്ച Personality Development In Islam എന്ന ലേഖനം വ്യക്തിത്വ വികസനത്തിന്റെ ഇസ്‌ലാമിക സമീപനം വിശദീകരിക്കുന്നു. ഇവ്വിഷയകമായ ഗവേഷണ പ്രബന്ധങ്ങൾ ജേർണലുകളിൽ പ്രസിദ്ധീകരിക്കപ്പെട്ടു തുടങ്ങിയിട്ടുണ്ട്. Quranic Verses Bring to Counselling Skills എന്ന പ്രബന്ധത്തിൽ കാര്യോനോ ഇബ്നു അഹമ്മദ്, ആധുനിക മനഃശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലുള്ള കൗൺസലിംഗ് ശേഷികൾ വിശുദ്ധ ഖുർആന്റെ വിവിധ സന്ദർഭങ്ങളിലെ വചനങ്ങൾ സൂചിപ്പിക്കുന്നതായി വിശകലനം ചെയ്യുന്നു. ഖുർആനിക വചനങ്ങൾ സൂചിപ്പിക്കുന്ന കൗൺസലിംഗ് ശേഷികൾ (Skills) അദ്ദേഹം ഇങ്ങനെ പട്ടികപ്പെടുത്തുന്നു.

| ശേഷികൾ | ആയത്ത് |
|---|---|
| 1. Rapport | അന്നിസാഅ് 8 |
| 2. Attending | അൽഫുർഖാൻ 63 |
| 3. Ask | ഹൂദ് 76 |
| 4. Empathy | അൽബഖറ 155 |
| 5. Paraprashe | അൽമുഅ്മിനൂൻ 96 |
| 6. Confrontation | അന്നഹ്ൽ 125 |
| 7. Interpretation | ആലുഇംറാൻ 159 |
| 8. Management | അൽ അഅ്റാഫ് 199 |
| 9. Clarification | ആലുഇംറാൻ 66 |
| 10. Facilitation | അൽഫുർഖാൻ 57 |
| 11. Metaphor | അൽ ഹജ്ജ് 73 |
| 12. Leading | അശ്ശുഅറാഅ് 215,216 |
| 13. Responding | അൽ ഹശ്ർ 18 |
| 14. Summarizing | അൽ ഇസ്റാഅ് 28 |
| 15. Negotiations | അന്നിസാഅ് 114 |

ലംയാ അൽ ഫാറൂഖി തന്റെ വിശുദ്ധ ഖുർആന്റെ സംഗീതത്തെക്കുറിച്ച പഠനത്തിൽ, മാനസികാരോഗ്യം പ്രദാനം ചെയ്യാനും മാനസികാസ്വാസ്ഥ്യങ്ങൾ ദൂരീകരിക്കാനുമുള്ള വിശുദ്ധ ഖുർആന്റെ അഭൂതപൂർവമായ കഴിവിനെ കുറിച്ച് പരാമർശിക്കുന്നു. 'Quranic Counselling' എന്ന പദപ്രയോഗം തന്നെ ഇപ്പോൾ പ്രചാരം നേടി വരുന്നുണ്ട്.


പ്രവാചക ജീവിതത്തെ വ്യക്തി സംസ്കരണത്തിനുള്ള ഒരു രീതിശാസ്ത്രമായി വിലയിരുത്തപ്പെടുന്ന പഠനങ്ങളും നിരീക്ഷണങ്ങളും നമുക്ക് കാണാം. അല്ലാമാ ഇഖ്ബാൽ പ്രവാചക നിയോഗത്തെ നിരൂപിച്ചത്, 'നാൽപത് വർഷം ഗുഹാമുഖത്തെ ഇത്തിരിവെട്ടമായിരുന്ന ഈ വിളക്ക്, ഒരു ദിവസം

**വിശുദ്ധ ഖുർആനിലെ പദപ്രയോഗങ്ങൾ, അവയുടെ സന്ദർഭങ്ങളുടെ വിശകലനത്തോടെ പഠനവിധേയമാക്കിയാൽ വ്യക്തിത്വ രൂപീകരണത്തിന്റെ വിലയേറിയ മാതൃകകൾ നമുക്ക് ലഭ്യമാകും. ഉദാഹരണത്തിന്, 'ഖൗൽ' എന്ന പദം വ്യത്യസ്ത സന്ദർഭങ്ങളിൽ വിശുദ്ധ ഖുർആൻ പ്രയോഗിക്കുന്നതിന്റെ വിശകലനം, ആശയ വിനിമയത്തെക്കുറിച്ച് പരിശീലകർക്കുള്ള ഒരു വിലപ്പെട്ട കൈപ്പുസ്തകമായിരിക്കും.**

ലോകത്തെ പ്രകാശിപ്പിച്ചു'വെന്നാണ്. പ്രവാചകൻ തന്റെ മുന്നിലേക്ക് വ്യത്യസ്ത സന്ദർഭങ്ങളിൽ കടന്നുവന്നവരോട് സ്വീകരിച്ച സമീപനരീതികൾ പ്രത്യേകമായി പഠനവിധേയമാക്കാവുന്നതാണ്. അധ്യാപകനെന്ന നിലയിൽ, പരിശീലകനെന്ന നിലയിൽ, കൗൺസിലറെന്ന നിലയിൽ, രക്ഷിതാവെന്ന നിലയിൽ, നേതാവെന്ന നിലയിൽ, മാനേജറെന്ന നിലയിൽ... ഇങ്ങനെ വ്യത്യസ്ത വീക്ഷണ കോണുകളിൽ പ്രവാചക ജീവിതത്തെ പുനർവായിക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

വിശുദ്ധ ഖുർആനിലെ പദപ്രയോഗങ്ങൾ, അവയുടെ സന്ദർഭങ്ങളുടെ വിശകലനത്തോടെ പഠനവിധേയമാക്കിയാൽ വ്യക്തിത്വ രൂപീകരണത്തിന്റെ വിലയേറിയ മാതൃകകൾ നമുക്ക് ലഭ്യമാകും. ഉദാഹരണത്തിന്, 'ഖൗൽ' എന്ന പദം വ്യത്യസ്ത സന്ദർഭങ്ങളിൽ വിശുദ്ധ ഖുർആൻ പ്രയോഗിക്കുന്നതിന്റെ വിശകലനം, ആശയ വിനിമയത്തെക്കുറിച്ച് പരിശീലകർക്കുള്ള ഒരു വിലപ്പെട്ട കൈപ്പുസ്തകമായിരിക്കും.

'സംസാര(ഖൗൽ)ത്തെക്കുറിച്ച വിവിധ സൂചനകൾ ചാക്രികമായി സൂചിപ്പിക്കുന്നു:




### റഫറൻസ്

1. Chade-Meng Tan, Search Inside Yourself, Collins, 2012
2. Ismail and Lamya al Faruqi, Cultural Atlas of Islam, Mamillan
3. Karyone Ibn Ahmad, Quranic Verses Bring to Counselling Skills. Research on Humanities and Social Sciences, Vol. 3, No 19, 2013
4. Personality Development in Islam, Vol. L!! No. 6. *Radiance* Views Weekly